**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**21 July 2017 / 26 Shawwal 1438 Hijira)**

## Commentary of Sura At-Tin (Ch : 95) Part - 2

## സൂറ : അത്തീൻ (ചാപ്റ്റർ 95) വ്യഖ്യാനം-ഭാഗം 2

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം സൂറ : അത്തീൻ (ചാപ്റ്റർ 95) വ്യഖ്യാനം-ഭാഗം 2 എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ
2. അത്തിയും ഒലിവും കൊണ്ട് സത്യം
3. സിനായ് മലയെ കൊണ്ടും സത്യം
4. നിർഭയമായ ഈ പട്ടണത്തെ കൊണ്ടും സത്യം
5. നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു.
6. പിന്നെ നാം അവരെ അധമരിൽ അധമനാക്കി മാറ്റുന്നു.
7. സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച് അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.
8. അപ്പോൾ, ഇതിനുശേഷം വിധിതീർപ്പിനെ സംബന്ധിച്ച് നിന്നെ നിഷേധിക്കുവാനെന്തുണ്ട് ?
9. അല്ലാഹു വിധികർത്താക്കളിൽ വച്ച് ഏറ്റവും നല്ല വിധികർത്താവല്ലേ ? (ഒടുവിൽ നാം പറയും : അതെ : ഞാൻ ഈ സത്യമായ യാഥാർത്ഥ്യത്തിനുള്ള

സാക്ഷികളിൽപെട്ടവനാണ്) (അത്തിൻ 95 : 1-9)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞവെള്ളിയാഴ്ച നടത്തിയ ജുംആ ഖുത്തുബയുടെ അതേ വിഷയത്തിന്റെ ബാക്കി ഭാഗം ഇന്നു തുടരുകയാണ്. അതായത് സൂറ : അത്തീൻ (അധ്യായം 95) കഴിഞ്ഞ ആഴ്ച രണ്ടാം വചനത്തിലെ അത്തി, ഒലിവ് എന്നിവയുടെ തത്വം വിശദീകരിക്കുകയുണ്ടായി. ഇന്ന് ഈ സൂറത്തിലെ ബാക്കി ഭാഗങ്ങളുടെ വിവരണം നല്കുകയാണ്.

## 3. സീനായ് മലയെ കൊണ്ടും സത്യം

സീനാ പർവ്വതത്തിൽവെച്ചാണ് ഹസ്രത് മൂസാ (അ) ന് തൗറാത്ത് എന്ന വേദഗ്രന്ഥം ലഭിക്കുന്നത്. (തൗറാത്ത്-ദൈവീക നിയമങ്ങൾ) ഏറ്റവും സവിശേഷമായ 10 കല്പനകൾ ലഭിക്കുന്നത്. ജൂത ജനതയ്ക്കായി അവതരിക്കപ്പെട്ട ഗ്രന്ഥം. ആ പ്രത്യേക നിമിഷത്തിൽ, മൂസാ (അ) ന് പ്രസ്തുത വെളിപാടുകൾ ലഭിച്ചപ്പോൾ, അല്ലാഹു (ത) ഹസ്രത് മൂസാ (അ) ന് സ്വയം പ്രത്യക്ഷീഭവിക്കുകയുണ്ടായി. അതൊരു അസാധാരണമായ പ്രകാശ വലയത്തിന്റെ രൂപത്തിലായിരുന്നു. എന്നാൽ  ദൈവത്തിന്റെ കല്പനകളിൽ ജൂദസമുദായം സത്യതയോടെ നിലനിന്നില്ല. അവർ അദ്ദേഹത്തെ അനുസരിച്ചില്ല. അവരുടെ ധിക്കാര പ്രവർത്തനങ്ങളുടെ അനന്തരഫലം അവർ അനുഭവിക്കേണ്ടി വന്നു. അവർ ഇപ്പോഴും അതിന്റെ ദുരന്തം പേറുകയാണ്. അവർ അല്ലാഹുവിന്റെ മുമ്പിൽ പ്രകടിപ്പിച്ച ധിക്കാരത്തിന്റെ അനന്തരഫലം ! ഇത് നിങ്ങൾക്കെല്ലാ പേർക്കുമുള്ള ഒരു ഗുണപാഠമാണ്. എപ്പോഴൊക്കെ അല്ലാഹു (ത) അവന്റെ കല്പനകൾ നമുക്കായി അയ്ക്കുന്നുവോ - അതായത്, വിശിഷ്യാ, വിശുദ്ധഖുർആൻ അധ്യാപനങ്ങളുടെ നവീകരണത്താർത്ഥം - നഷ്ടപ്പെട്ട അധ്യാപനങ്ങളെ മടക്കികൊണ്ടു വരുന്നതിനായി പരിഷ്ക്കർത്താവിനെ നിയോഗിക്കുന്നുവോ, അപ്പോൾ അവർ തുറക്കുന്ന സംശുദ്ധമായ പാത നിങ്ങൾ ഉപേക്ഷിക്കരുത്, അത് നമ്മുടെ ആത്മാക്കളുടെ മോചനത്തിന്റ പാതയാണ്. ഇനി നിങ്ങൾ അത് നിരാകരിക്കുകയാണെങ്കിൽ, എന്നിട്ട് പകരം മോശമായ പാത

തെരഞ്ഞെടുത്താൽ, ദൈവീക ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും അല്ലാഹുവിന്റെ കല്പനകൾക്കും പുറം തിരിഞ്ഞുനിന്നാൽ, നിങ്ങളുടെ അന്ത്യം വളരെ ഗുരുതരമായിരിക്കും (അല്ലാഹുവിന്റെ മുമ്പിൽ)

അടുത്തവചനത്തിൽ അല്ലാഹു (ത) പറയുന്നു.

## 4. നിർഭയമായ ഈ നഗരത്തെ കൊണ്ട് സത്യം

നിർഭയമായ നഗരം എന്നത് മക്കാനഗരമാണ് എന്നതിൽ സംശയമില്ല. വിഗ്രഹങ്ങളെ ആരാധിച്ചുകൊണ്ടിരുന്ന സമയത്തു പോലും, മക്ക ഒരു പരിശുദ്ധ സ്ഥലമായി കണക്കാക്കപ്പെട്ടിരുന്നു. ആരും തന്നെ അവിടെ യുദ്ധം ചെയ്യുവാൻ തയ്യാറായിട്ടില്ല. ഒരു പരിപാപനമായ നഗരം എന്ന ഖ്യാതി ഉണ്ടായിരുന്നിട്ടു പോലും, അതും ഹസ്രത് ഇബ്രഹീം (അ) ന്റെ കാലം മുതൽ, നമ്മുടെ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യെ ബഹിഷ്ക്കരിക്കുവാൻ അവിടത്തെ ജനതയ്ക്ക് ഒരു തടസ്സവുമുണ്ടായില്ല. സാമൂഹ്യ ബഹിഷ്ക്കരണത്തിന്റെ കാഠിന്യം മൂല്യം തന്റെ ജന്മനാട് ഉപേക്ഷിക്കേണ്ടി വന്നു. മദീന പട്ടണത്തിലേക്ക് അഭയം തേടി പോകേണ്ടതായും വന്നു. പ്രസ്തുത പട്ടണത്തെ അദ്ദേഹം ഹൃദയംഗമമായി സ്നേഹിച്ചു. അങ്ങനെ മക്കയ്ക്ക് ശേഷമുള്ള ഏറ്റവും പരിപാപനമായ പട്ടണമായി മദീന മാറി.

അങ്ങനെ ഹസ്രത് മുഹമ്മദ് (സ) യും ഹസ്രത് അബൂബക്കർ സദ്ദീഖ് (റ) വും മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്തു. അതേ തുടർന്ന് മറ്റു അനുചരന്മാരും മക്കയിൽ നിന്നും മദീനയിലേക്ക് കുടിയേറി. മക്കക്കാർ ഏല്പിച്ച കൊടിയ മർദ്ദനങ്ങൾക്കും പീഢനങ്ങൾക്കും ബഹിഷ്ക്കരണങ്ങൾക്കും ഇരയായ പ്രവാചക ശിഷ്യന്മാർ മദീനയിലേക്ക് കുടിയേറി പാർക്കുകയുണ്ടായി അല്ലാഹുവിന്റെ ദൂതനാണ് എന്നുള്ള പരസ്യ പ്രഖ്യാപനത്തെ തുടർന്ന് മുഹമ്മദ് (സ) നെ വധിക്കുന്നതിലൂടെ ഇസ്ലാമിന്റെ അവസാനമാകുമെന്നവർ കരുതി. (അതായത് മുഹമ്മദിന്റെ മതത്തിന്റെ അന്ത്യം) ജന്മനാട്ടിൽ ഒരു പ്രവാചകനും പ്രവാചകനല്ല എന്ന ആപ്തവാക്യം അങ്ങനെ അന്വർത്ഥമാകുകയുണ്ടായി. എന്നാൽ കാലം മുന്നോട്ടു കടന്നുപോയി മുസ്ലിംകൾക്കനുകൂലമായി അല്ലാഹു

(ത) സാഹചര്യങ്ങൾ തിരിച്ചു. അവന്റെ പ്രിയ പ്രവാചകൻ (സ) യ്ക്ക് വിജയം നല്കി. അങ്ങനെ അവൻ തന്റെ ദൂതന് മക്കയിൽ പ്രവേശിക്കുവാനുള്ള അവസരമൊരുക്കി. അത്യാദരപൂർവ്വം മക്കയിൽ പ്രവേശിക്കുകയും പരിശുദ്ധമായ ഹജ്ജ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. അല്ലാഹു (ത) മക്കയിലെ സാഹചര്യം തലകീഴായി മറിച്ചു. പ്രവാചകൻ (സ) നെ ബഹിഷ്ക്കരിച്ച ഈ ഭൂരിഭാഗം ആളുകളും മുസ്ലീകളായി തീർന്നു. ഇസ്ലാമിനെ അംഗീകരിച്ചു. മറ്റുള്ളവർ ഇസ്ലാം മതം സ്വീകരിക്കാത്തവർ അവർക്കിടയിൽ പ്രവാചകൻ കഴിയുന്നതിൽ അവർക്ക് ബുദ്ധിമുട്ടൊന്നുമില്ല എന്ന് അറിയിക്കുകയും ചെയ്തു. വിജയം ആസന്നമായപ്പോൾ, മക്ക ഒരിക്കൽ കൂടി, ഒരു പരിശുദ്ധ സ്ഥലമായി ആദരിക്കപ്പെട്ടു. വിശിഷ്യാ കഅ്ബ വീണ്ടും അതിന്റെ തേജസ്സ് വീണ്ടെടുക്കുകയായിരുന്നു. കഅ്ബാലയത്തിനകത്തും പുറത്തുമുണ്ടായിരുന്ന വിഗ്രഹങ്ങളെല്ലാം നീക്കം ചെയ്യപ്പെട്ടു. വീണ്ടും അല്ലാഹു (ത) യുടെ ഏകത്വത്തിന്റെ പ്രഭാപൂരം പ്രസ്തുത നഗരത്തിൽ അലയടിച്ചു. മക്ക ചരിത്രത്തിന്റെ സൗന്ദര്യം അതാകുന്നു. ഇസ്ലാമിന്റെ വരവോടെ, മക്കയുടെ തേജസ്സും മഹത്വവും വീണ്ടെടുക്കുകയായിരുന്നു. ശിർക്കിന്റെ സ്പർശമൊന്നു മേല്ക്കാതെ, അല്ലാഹു (ത) ഇന്നും അതിനെ സംരക്ഷിച്ചു നിർത്തിയിരിക്കുന്നു. അല്ലാഹുവിനോട് നിഷ്ക്കളങ്കത പുലർത്തുന്നവർക്കായി, ഹജ്ജ് നിർവ്വഹണത്തിനായുള്ള സ്ഥലമായി, അതു തുടർന്നു കൊണ്ടിരിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള മാപ്പും, അനുകമ്പയും അനുഗ്രഹങ്ങളും ലഭ്യമാകുന്ന ഇടമായി നിലകൊള്ളുന്നു. കാരണം അവർ ഈ സത്യപാതയിൽ സ്വയം ത്യാഗം വരിക്കുന്നു. അങ്ങനെ അവർ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നു. തീർച്ചയായും അല്ലാഹു (ത) മാത്രമാണ് ജനങ്ങളുടെ ഈമാൻ (വിശ്വാസം) എത്രയുണ്ട് എന്ന് അളക്കുവാനും വിധിക്കുവാനും കഴിവുള്ളവൻ !

അടുത്ത വചനത്തിൽ അല്ലാഹു (ത) പറയുന്നു.

5. നാം മനുഷ്യനെ ഏററവും അനുയോജ്യമായ സ്ഥിതിയിൽ

സൃഷ്ടിച്ചിരിക്കുന്നു.

തഖ്‌വീം എന്ന വാക്കിന്റെ അർത്ഥം രുപപ്പെടുത്തുക. മാതൃകാപരമായി സൃഷ്ടിക്കുക, പ്രകൃതിക്കനുയോജ്യമായി രൂപപ്പെടുത്തുക അംഗസൗഷ്ഠവത്തോടെ രൂപപ്പെടുത്തുക, നല്ല ശരീര പ്രകൃതിയിലാക്കുക, എന്നൊക്കെയാണർത്ഥം. അല്ലഹാവിന്റെ സൃഷ്ടിപ്പിൽ ഒരു ന്യുനതയും കണ്ടെത്താവതല്ല. അവന്റെ മറ്റു സൃഷ്ടികളുമായി താരതമ്യം ചെയ്യുമ്പോൾ, മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും നല്ലനിലയിലാണ്, ഏറ്റവും പരിശുദ്ധമായ നിലയിലാണ്, സമ്പൂർണ്ണമായ നിലയിലാണ് അതിന്റെ പ്രതിഫലമെന്ന നിലയിൽ, ദൈവം നല്കിയ പ്രകൃതിയെ സംരക്ഷിക്കുകയും, ഒരു നല്ല വ്യക്തിത്വത്തെയും സമീപനത്തെയും വികസിപ്പിച്ചെടുക്കുകയും അങ്ങനെ ആ പ്രകൃതിയെ സമ്പൂർണ്ണമാക്കുകയും ചെയ്യുക എന്നത് അവന്റെ ഉത്തരവാദിത്വമാണ്. വിശുദ്ധഖുര്ആനിൽ അല്ലാഹു (ത) പറഞ്ഞതുപോലെ

അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത സേവനത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനില്ക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല (30 : 31) അല്ലാഹു (ത) മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അപ്രകാരമാണ്. ചിന്തിക്കുന്നവാനുള്ള കഴിവ് അവൻ ആർജ്ജിക്കുന്നു. അവനെ അവന് സ്വയം നിയന്ത്രിക്കുവാനുള്ള കഴിവ് ലഭിക്കുന്നു. അല്ലാഹു (ത) യുടെ നിർദ്ദേശങ്ങൾക്കനുസൃതമായി അല്ലാഹു (ത) അവന് ഇത്തരം ഒരനുഗ്രഹം പ്രദാനം ചെയ്തിരിക്കുമ്പോൾ, മാലാഖമാർക്കുമപ്പുറമുള്ള സ്ഥാനഗരിമ അവന് അവൻ പ്രദാനം ചെയ്തിരിക്കുമ്പോൾ, മനുഷ്യന് കീഴ്പ്പെടുവാൻ അവൻ മലക്കുകൾക്ക് ആജ്ഞനല്കിയിരിക്കുമ്പോൾ, അതായത് (ആദം (അ) ന് കീഴ്പ്പെടുവാൻ അഥവാ അനുസരിക്കുവാൻ കല്പിച്ചിരിക്കുമ്പോൾ തന്റെ ജീവിതത്തിന്റെ ഭരണകർത്താവ് അവൻ തന്നെയാണ് എന്ന നിലയിൽ അവന് കഴിവ് നല്കിയിരിക്കുമ്പോൾ, അവന്റെ ഇച്ഛ ശക്തിയും ബുദ്ധിശക്തിയും

അവൻ ഉപയോഗപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ പ്രത്യേക അനുഗ്രഹത്തെ നല്ല നിലയിൽ തന്നെ ഉപയോഗപ്പെടുത്തേണ്ട്താണ്. (അതായത് ബുദ്ധിശക്തിയും അല്ലാഹുമായുള്ള സാമീപ്യം തുടങ്ങിയവ) അല്ലാഹു (ത) ഇത് അവന്റെ മേൽ ചൊരിഞ്ഞിരിക്കുന്നതാണ്. ഈ അനുഗ്രഹങ്ങളിൽ നിന്നും അവൻ പരമാവധി പ്രയോജനം ആർജിക്കേണ്ടതു തന്നെയാണ്. അങ്ങനെ ആയാൽ അല്ലാഹു (ത) അവനോട് സന്തോഷമുള്ളവനായി തീരുന്നതാണ്. അവന്റെ പ്രവർത്തനത്തിലൂടെ അല്ലാഹുവിന്റെ വീക്ഷണത്തിൽ, അവന്റെ പദവി ഉയരുന്നതാണ്, എന്നാൽ അവന് നല്കപ്പെട്ട ഈ അനുഗ്രഹങ്ങളെ ദുരുപയോഗം ചെയ്താൽ, അതായത് അല്ലാഹു (ത) അവന് നല്കിയ കഴിവുകളൊക്കെ തെറ്റായ നിലയിൽ ഉപയോഗിപ്പെടുത്തിയാൽ, അവനൊരു വലിയ അപകടത്തിലേക്കാണ് നീങ്ങുന്നത്, അവന്റെ അവസ്ഥ ഒരു മൃഗത്തേക്കാളും താണനിലയിലേക്കായി തീരുന്നതാണ്. അങ്ങനെ അവന് അല്ലാഹുവിനെ നഷ്ടമാകുന്നു. അവന് ലഭിക്കേണ്ട എല്ലാ അനുഗ്രഹങ്ങളും നഷ്ടമാകുന്നു. അല്ലാഹു (ത) യോട് ആത്മാർത്ഥത പുലർത്തിയാൽ മാത്രം ലഭ്യമാകുന്നതിനായിരുന്നു പ്രസ്തുത അനുഗ്രഹങ്ങളെല്ലാം !

**അല്ലാഹു (ത) അവൻ തന്നെ വിശുദ്ധഖുർആനിൽ പറയുന്നു.**

സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച് അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ് (95 : 7)

ആദം സന്തതികളെ ! നിശ്ചയമായും നാം നിങ്ങൾക്ക് നിങ്ങളുടെ നഗ്നത മറയ്ക്കാനും വേഷഭൂഷണങ്ങൾക്കായും വസ്ത്രത്തെ ഇറക്കി തന്നിരിക്കുന്നു. എന്നാൽ സൂക്ഷ്മതയാകുന്ന വസ്ത്രമാണ് ഉത്തമം. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. അവർ ഉപദേശം കരസ്ഥമാക്കുവാൻ വേണ്ടി (7 : 27)

അടുത്ത വചനത്തിൽ അല്ലാഹു (ത) പറയുന്നു

**6. പിന്നെ നാം അവനെ അധമരിൽ അധമനാക്കി മാറ്റുന്നു.**

ഈ വചനത്തിൽ നിന്നും അല്ലാഹു (ത) നമ്മെ അറിയിക്കുന്നത് വളരെ വ്യക്തമാണ്. അതായത് മനുഷ്യൻ അല്ലാഹുവിനെതിരിൽ നിന്നാൽ, അവന്റെ

ദൈവീക കല്പനകളെ നിരസിച്ചാൽ, തെറ്റു പ്രവർത്തിക്കുന്നത്. തുടർന്നു കൊണ്ടിരിന്നാൽ, അല്ലാഹുവിന് പകരം, താത്ക്കാലിക വ്യർത്ഥമായ കാര്യങ്ങളിൽ വ്യാപൃതനായാൽ, അപ്പോൾ അത് അവന്റെ തന്നെ വിഡ്ഢിത്വത്താൽ അവന്റെ ധാർമ്മിക ആത്മീയ വശങ്ങൾ അധഃപതിക്കുകയും ജുഗുപ്സാവഹമായ ഒരു മൃഗത്തിന്റെ അവസ്ഥയിലേക്ക് ആപതിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വീക്ഷണത്തിൽ അത് നിന്ദ്യമായി തീരുകയും ചെയ്യുന്നതാണ്. സമയമാകുമ്പോൾ അല്ലാഹു (ത) അവനെ വിധിക്കുന്നതാണ്. അതായത് വിധിദിനത്തിൽ, അന്ന് അവിടെ മറ്റൊരു ന്യായാധിപനുമുണ്ടായിരിക്കില്ല. ഏറ്റവും നീതിമാനായ വിധികർത്താവ് നമ്മുടെ സൃഷ്ടാവായ അവൻ തന്നെ ആയിരിക്കുന്നതാണ്. അത്തരം ഒരു ദിനം നമുക്കായി ഉദയം ചെയ്യുന്നതാണ്. അതിന് യാതൊരു സംശയവുമില്ല. അല്ലാഹുവിന്റെ മുൻപാകെ നാം ഓരോരുത്തരും പുരുഷനാകട്ടെ സ്ത്രീ ആകട്ടെ അവരുടെ കണക്ക് അവർ ബോധിപ്പിക്കേണ്ടി വരുന്നതാണ്. ഇതേ തുടർന്ന് അല്ലാഹു (ത) പറയുന്നു.

7. സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച് അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.

ഈ വചനമനുസരിച്ച്, നമ്മെ അല്ലാഹു (ത) വളരെ വ്യക്തമായി അറിയിക്കുകയാണ്, അതായത് ഒരാൾ തന്റെ അവസ്ഥ (പെരുമാറ്റം) നന്നാക്കിയാൽ, ദൈവീക സന്ദേശം അംഗീകരിക്കുകയും പിന്തുടരുകയും ചെയ്താൽ അതായത് നഷ്ട്ടപ്പെട്ടുപോയ അവന്റെ അധ്യാപനങ്ങൾ നവീകരിക്കുകവാൻ അവൻ ദൂതന്മാരെ നിയോഗിക്കുമ്പോഴെല്ലാം (അതായത് വിശുദ്ധഖുർആൻ) ആര് സ്വീകരിക്കുന്നുവോ, അത്തരം ആൾക്കാർക്ക് അല്ലാഹു (ത) അസാധാരണമായ, അതിമനോഹരമായ ഒരു വിധി നടപ്പാക്കുന്നതാണ്. അവന്റെ ധാർമ്മികവും ആത്മീയവുമായ അവസ്ഥയിൽ വർദ്ധനവുണ്ടാവുകയും ചെയ്യുന്നതാണ്. അതിന്റെ കാരണം അവൻ അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അംഗീകരിച്ചു എന്നതുകൊണ്ടാണാത്. ഇത്തരം ആൾക്കാർക്ക്

അവരുടെ പ്രതിഫലം നല്ലതും അനന്തവുമായിരിക്കും. അവർക്ക് ഈ പ്രതിഫലങ്ങൾ ഈ ലോകത്തു വെച്ചു തന്നെ (അതായത് ഭൂമിയിൽ വെച്ചു തന്നെ) ലഭിച്ചു തുടങ്ങുന്നതുമാകുന്നു.

അടുത്ത വചനത്തിൽ അല്ലാഹു (ത) പറയുന്നു

8. അപ്പോൾ ഇതിനുശേഷം വിധി തീർപ്പിനെ സംബന്ധിച്ച് നിന്നെ നിഷേധിക്കുവാനെന്തുണ്ട്?

ഇവിടെ നിന്നെ എന്നത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)നെയോ അല്ലെങ്കിൽ മുഴുവൻ മാനവ സമുദായത്തെയോ സൂചിപ്പിക്കുന്നു. ഇതിനു ശേഷം അർത്ഥമാക്കുന്നത് നിങ്ങളെ നല്ല നിലയിൽ വിവരം അറിയിച്ചശേഷം നിങ്ങളെ ഗ്രഹിപ്പിച്ചശേഷം മാനവകുലത്തെ സൃഷ്ടിച്ചത് അല്ലാഹു മാത്രമാണ്, അതുകൊണ്ട് അവന് മാനവരാശിയോട് ആത്മാർത്ഥതയുള്ളവനാകാം, സംശുദ്ധതയുള്ളവനാകാം, സത്യസന്ധത പുലർത്തുന്നവനാനാകാം. അതുകൊണ്ടു തന്നെ അവന് സമുദായത്തോട് ഏററവും നല്ല നിലയിൽ പെരുമാറാവുന്നതാണ്. അതുപോലെ അവന് നല്ലതുപോലെ ഗ്രഹിക്കാവുന്നതാണ്. മാനവകുലത്തെ മൊത്തത്തിൽ മാർഗ്ഗ ദർശനം നല്കുന്നത് അവൻ മാത്രമാണ്. ആയതിനാൽ അവന്റെ കല്പനകൾക്കെതിരിൽ ഇറങ്ങി പുറപ്പെടുന്നവർ, അവന്റെ അടയാളങ്ങളെ തിരസ്ക്കരിക്കുന്നവർ, അവന്റെ കല്പനകളെ അവഗണിക്കുന്നവർ, ദൈവീക ദൃഷ്ടാന്തങ്ങളെ മോശപ്പെടുത്തുന്നവർ, അവന്റെ ദൂതന്മാരെ നിരാകരിക്കുന്നവർ. തീർച്ചയായും അവൻ അവരെ ശിക്ഷിക്കുന്നതാണ്, അവരെ അവൻ കയ്യൊഴിയുന്നതാണ്. ഈ ലോകത്തു വെച്ചും നാളെ പരലോകത്തും !

സത്യവിശ്വാസികളെ അല്ലാഹു (ത) അഭിസംബോധന ചെയ്യുന്ന ഒരു ഖുർആനിക വചനമുണ്ട്, അതിൽ അല്ലാഹു (ത) പറയുന്നു.

വിശ്വസിച്ചവരെ ! അല്ലാഹു കോപ പാത്രമാക്കിയിട്ടുള്ള ഒരു ജനതയെ നിങ്ങൾ മിത്രങ്ങളാക്കരുത്. ശവക്കുഴികളിൽ മറവ് ചെയ്തവരെപ്പറ്റി അവിശ്വാസികൾ നിരാശപ്പെട്ടിരിക്കുന്നതുപോലെ അവർ പരലോകത്തെക്കുറിച്ച് നിരാശപ്പെട്ടിരിക്കുന്നു.

(60:14)

ഈ വചനത്തിന്റെ വെളിച്ചത്തിൽ അല്ലാഹു (ത) മാനവകുലത്തെ മൊത്ത ത്തിൽ അറിയിക്കുകയാണ്. അതായത് ഒരു ദിനം സമാഗതമാകുന്നതാണ്. വിധി ദിനം -എല്ലാ ജനതയും അവരവരുടെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. അവൻ വിശ്വാസി ആണെങ്കിലും ശരി അവിശ്വാസി ആണെങ്കിലും ശരി ! ഈ വചനത്തിലൂടെ അല്ലാഹു (ത) വിശ്വാസികളെ ഗ്രഹിപ്പിക്കുകയാണ്. അല്ലാഹു (ത) യുടെ ദൃഷ്ടാന്തങ്ങളുടെ നേരെ പുറം തിരിഞ്ഞു നില്ക്കുന്നവരെ നിങ്ങൾ സഖ്യകക്ഷികളാക്കി എടുക്കരുത്. കാരണം അവർ അവരുടെ മേൽ അല്ലാഹുവിന്റെ ക്രോധം ക്ഷണിച്ചു വരുത്തിയവരാകുന്നു. അല്ലാഹുവിനെതിരിൽ അവർ പുറംതിരിഞ്ഞു നിന്നത് എന്തുകൊണ്ടാണ് ? അവർ ചിന്തിച്ചില്ലേ അത്തരം ഒരു ദിനത്തെ അഭിമുഖികരിക്കേണ്ടി വരുമെന്ന് ? അന്ന് അല്ലാഹുവിന്റെ മുൻപിൽ എല്ലാ കണക്കുകളും ബോധിപ്പിക്കേണ്ടി വരുമെന്ന് എന്തുകൊണ്ട് ചിന്തിച്ചില്ല ? ഇതാണ് അല്ലാഹു (ത) ഇവിടെ വിശദീകരിക്കുന്നത്. അത്തരം ആളുകൾ അല്ലാഹുവിന്റെ ദൂത്നമാർക്കും, നിർദ്ദേശങ്ങൾക്കും, ദൃഷ്ടാന്തങ്ങൾക്കുമെതിരിൽ പുറം തിരിഞ്ഞു നിന്നവർ) അവർക്ക് പാരത്രീക ജീവിതത്തിൽ യാതൊരു പ്രതീക്ഷയുമില്ലാത്തവരാണ്. അവർ അവിശ്വാസികളെ പോലെ തന്നെയാണ്. അവരും അവിശ്വാസികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

അവസാനമായി അല്ലാഹു (ത) പറയുന്നു.

## 9. അല്ലാഹു വിധി കർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധി കർത്താവല്ലേ ?

ഒരണുകിട നന്മ ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രതിഫലം അവൻ നല്കുന്നതാണ്. അതുപോലെ തന്നെ അണുകിട തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ശിക്ഷയും അവൻ നല്കുന്നതാണ്. അല്ലാഹു (ത) യിൽ നിന്നും ഇസ്ലാമികന് ലഭ്യമായിട്ടുള്ള ഒരു വലിയ അനുഗ്രഹമാണ്, അല്ലാഹു (ത)

വിശ്വാസികൾക്ക് ദിവസവും 5 നേരം പ്രാർത്ഥന സ്ഥാപിച്ചു നിർത്തിയിരിക്കുന്നു. അതോടൊപ്പം അവർ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു. അതുപോലെ ദിക്ക്റിലൂടെ അവർ ദൈവസ്മരണ നിലനിർത്തുന്നു. അല്ലാഹു (ത) യ്ക്ക് നല്ലതുപോലെ അറിയാവുന്നതാണ്. നാം മനുഷ്യർ വളരെ വലിയ ബലഹീനരാണെന്ന് ! അതുകൊണ്ട് സന്മാർഗ്ഗത്തിലായവരും നീതിമാന്മാരും, ഈക്കാര്യത്തിൽ ഭയപ്പെടുകയോ വിഷമിക്കുകയോ ചെയ്യേണ്ടതില്ല. ദൈവീക ദൃഷ്ടാന്തങ്ങൾക്കു അടയാളങ്ങൾക്കും ദൂതന്മാർക്കും എതിരിൽ പുറം തിരിഞ്ഞവർ മാത്രമാണ് ഭയപ്പെടേണ്ടത്. അവർക്ക് തീർച്ചയായും അല്ലാഹുവിൽ നിന്നുള്ള പകരം വീട്ടലാകുന്ന ശിക്ഷയുണ്ട്. അവരുടെ ശിക്ഷ അനന്തമായി തുടരുന്നതാണ്. അത്തരം ശിക്ഷയിൽ നിന്നും അവർക്ക് രക്ഷപ്പെടാവതല്ല.

ഖുർആനിൽ ഒരു വചനമുണ്ട് അതിൽ അല്ലാഹു (ത) പറയുന്നു. അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും തങ്ങൾക്ക് നേർമാർഗ്ഗം സ്പഷ്ടമായി മനസ്സിലായതിനു ശേഷം ദൈവദൂതനെ എതിർക്കുകയും ചെയ്തവരാരോ അവർ ഒരിക്കലും അല്ലാഹുവിന് ഒരു വിധ ദ്രോഹവും ഏല്പിക്കുകയില്ല. അവൻ അവരുടെ കർമ്മങ്ങളെ നിഷ്ഫലമാക്കികളയുന്നതാണ്. (47:33)

ഒരു ദൂതന്റെ ആഗമനത്തോടെ, ദൈവീക ദൃഷ്ടാന്തങ്ങളുടെ വരവോടെ, ജനങ്ങളുടെ യഥാർത്ഥ മുഖം നിങ്ങൾക്ക് കണ്ടുപിടിക്കുവാൻ സാധിക്കും. അതോടൊപ്പം അവരുടെ ഹൃദയങ്ങളിലുള്ള രോഗങ്ങളും ! തീർച്ചയായും ഈ ദൈവീക ദൃഷ്ടാന്തങ്ങളോടൊപ്പം പ്രസ്തുത രോഗങ്ങളും, വെളിപ്പെടുന്നതാണ്. ഖുർആനിലെ ഒരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. തങ്ങളുടെ ഉള്ളിലുള്ള വിദ്വേഷങ്ങൾ അല്ലാഹു പുറത്തു കൊണ്ടു വരികയില്ലെന്ന് ഹൃദയങ്ങളിൽ രോഗമുള്ളവർ ധരിച്ചിട്ടുണ്ടോ ? (47 : 30)

അല്ലാഹു (ത) പറയുന്നു അല്ലാഹു (ത) അവർക്ക് ഒരിക്കലും മാപ്പു ചെയ്യുകയില്ല. അവർ മരണപ്പെടുന്നത് ഈമാൻ ഇല്ലാതെ ആയിരിക്കും അതിന്റെ കാരണം അവർ തെളിക്കുന്നതെല്ലാം, അവർ പിന്തുടരുന്നതെല്ലാം അല്ലാഹുവിന്റെ ക്രോധം

മാത്രമായിരിക്കും. അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതെല്ലാം അവർ വെറുക്കുന്നു. അങ്ങനെ അവരുടെ പ്രവർത്തനങ്ങളെയെല്ലാം അല്ലാഹു വിലയില്ലാത്തതാക്കി തീർക്കുന്നു. എന്നാൽ സത്യവിശ്വാസികൾ ഈ വചനം കേൾക്കുമ്പോൾ അല്ലാഹു ഏറ്റവും നല്ല വിധികർത്താവല്ലേ? അപ്പോൾ അവർ (അതായത് വിശ്വാസികൾ പറയും) അതെ ! ഞങ്ങൾ അതിനു സാക്ഷികളാണ് തീർച്ചയായും ഞാൻ സാക്ഷികളിൽ ഒരുവനാണ്, യാ അല്ലാഹ് ! സത്യമായും നീ ഏററവും നല്ല വിധികർത്താവാണ്. നീ ഞങ്ങൾക്ക് അനുഗ്രഹിച്ച് നല്കിയ മതം സത്യമായ മതമാകുന്നു. മറ്റെല്ലാ മതങ്ങളെയും അത് അതി ജയിക്കുന്നതാകുന്നു. ഇൻശാ അല്ലാഹ് !

ആയതിനാൽ, അല്ലെയോ എന്റെ അനുചരന്മാരെ ! എന്റെ എല്ലാ മുസ്ലിം സഹോദരീ സഹോദരന്മാരെ ! അല്ലാഹുവിന്റെ തേജോ വിലാസത്തിന് നാം സാക്ഷികളാണ്. അതിന് നാം സാക്ഷികളാണ്. അതായത് ഇസ്ലാം തീർച്ചയായും സത്യമായ മതമാകുന്നു. അത് അല്ലാഹു (ത) നമ്മുടെ മേൽ ഇറക്കിതന്നതാകുന്നു. അതുകൊണ്ട് നാമിതിനെ മണ്ണിലിട്ട് നിന്ദ്യമാക്കുന്നത് ശരിയാണോ ? നാമിതിനെ കയ്യൊഴിയുന്നതു ശരിയാണോ ? അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാനായി നമുക്ക് കഴിയുന്നതെല്ലാം ചെയ്യേണ്ടതല്ലേ ? നമ്മുടെ വിനീത പ്രയത്നത്താൽ അല്ലാഹുവിന്റെ ഏകത്വത്തെ വീണ്ടും സ്ഥാപിക്കേണ്ടതല്ലെ ? നാം ചെയ്യുന്ന ചെറിയ പ്രയത്നം പോലും അല്ലാഹു (ത) വളരെ വലുതായി കണക്കാക്കുന്നതാണ്. ഇൻശാ അല്ലാഹ് !എല്ലാം മുസ്ലിം കൾക്കും ഈ യാഥാർത്ഥ്യം ബോധ്യമാകട്ടെ ! നമുക്ക് നമ്മെ ശുദ്ധീകരിക്കാം. നമ്മുടെ സത് ഉദ്ദേശ്യത്താലും സത്പ്രവർത്തനത്താലും ! നമുക്ക് മാനവകുലത്തിന് ഏറ്റവും നല്ല മാതൃകകളായി തീരാം ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**